LIBRARY ARCHIVES Kerala Legislative Assembly

'ദളവാക്കുളം' ചരിത്രസ്മാരകമാക്കുവാൻ നടപടി

72 [1079] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1803-ൽ വൈക്കം ശ്രീമഹാദേവ ക്ഷേത്രത്തിൽ പ്രവേശിച്ച പിന്നോക്ക ക്കാരെ അന്നത്തെ രാജഭരണകൂടം വെട്ടിനുറുക്കി കുഴിച്ചുമൂടിയ 'ദളവാക്കുളം' ചരിത്ര സ്മാരകമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ദളവാക്കുളം സംഭവത്തെക്കുറിച്ച് വസ്തുതാപരമായ ഗവേഷണം നടത്തുവാൻ ചരിത്രകാരന്മാരുടെ ഒരു സമിതി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വൈക്കം ശ്രീമഹാദേവ ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുര ത്തിൽനിന്നും ഉദ്ദേശം 100 മീറ്റർ അകലെയാണ് ദളവാക്കുളം എന്നറിയപ്പെടുന്ന സ്ഥലം. കുളം ഉണ്ടായിരുന്നതായി പറയപ്പെടുന്ന സ്ഥലം നികത്തി ബസ്റ്റാന്റാക്കി മാറ്റിയിരിക്കുകയാ ണ്. 1803-ൽ വൈക്കം ശ്രീമഹാദേവ ക്ഷേത്രത്തിലേക്ക് കയറാൻ ശ്രമിച്ച പിന്നോക്കക്കാരെ വെട്ടിനുറുക്കി ഈ കുളത്തിൽ ഇട്ടുമൂടിയതായി പറയപ്പെടുന്നതല്ലാതെ ആധികാരിക രേഖകൾ കണ്ടെത്താനായിട്ടില്ല. അതിനെപ്പറ്റിയുള്ള പഠനം ആരംഭിച്ചുകഴിഞ്ഞിരി ക്കുകയാണ്. വസ്തുതാപരമായ തെളിവുകൾ ലഭിക്കുന്ന മുറയ്ക്ക് സംരക്ഷിത സ്മാരക മാക്കുന്നതിനുള്ള നടപടികൾ എടുക്കാവുന്നതാണ്.

കാർഷിക സമാശ്വാസ പദ്ധതി

73 [1080] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ജനുവരിയിൽ കേരള സർക്കാർ പ്രഖ്യാപിച്ച കാർഷിക സമാശ്വാസ പദ്ധതി അനുസരിച്ച് എത്ര കോടി രൂപയുടെ സഹായ പരിപാടികൾ ആണ് ലക്ഷ്യ മിട്ടിരുന്നത്;

(ബി) ഇതിൽ ഓരോ ഇനം വിളവിനും നീക്കിവച്ചിരുന്ന തുക എത്രയായിരുന്നു;

(സി) എന്തു തുക വീതം നാളിതുവരെ ചെലവാക്കിക്കഴിഞ്ഞുവെന്നും എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) കാർഷിക സമാശ്വാസ പദ്ധതി അനുസരിച്ച് അഡ്വാൻസായി തുക സ്വീകരിച്ചശേഷം പദ്ധതി പൂർണ്ണമായും നടപ്പാക്കാതെ നിർത്തലാക്കിയ ഏതെങ്കിലും സംഭവം കൃഷി വകുപ്പിൽ ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) 2003 മാർച്ച് 29-ന് പുറത്തിറക്കിയ സർക്കാർ ഉത്തരവനുസരിച്ച് [ജി.ഒ. (എംഎസ്.) നമ്പർ 74/03/എ.ഡി.] വനിതാ സ്വാശ്രയ സംഘങ്ങൾക്ക് കൊപ്രാ ഡ്രയർ വാങ്ങുവാൻ എത്ര തുകയാണ് നീക്കിവച്ചിരുന്നതെന്നും അത് ഏത് തീയതിക്കുള്ളിൽ ചെലവഴിക്കുകയും പദ്ധതി പൂർത്തിയാക്കുകയും ചെയ്യണമെന്നാണ് ഉത്തരവിൽ നിർദ്ദേശി ച്ചിരുന്നതെന്നും അറിയിക്കാമോ;